## 93

### *‘Praise my Soul’*

1 ഭക്തിയോടെ വന്ദിച്ചിടിൻ ദൈവത്തെ വിശുദ്ധിയിൽ
ഹൃദ്യമായ് സമർപ്പിപ്പിൻ സജ്ജീവ സ്തോത്രയാഗങ്ങൾ
കീർത്തിപ്പിൻ പ്രസ്താവിപ്പിൻ തൻനാമത്തിൻ മാഹാത്മ്യത്തെ

2 നാമല്ലോ മഹാദൈവത്തിൻ കാരുണ്യം രുചിച്ചവർ
സത്യമായ് ഭജിപ്പാൻ നമ്മേപ്പോലെ ഭാരമുള്ളോരാർ?
കീർത്തിപ്പിൻ പ്രസ്താവിപ്പിൻ തൻനാമത്തിൻ മാഹാത്മ്യത്തെ

3 കീർത്തിച്ചിടുവിൻ തൻനിത്യസ്നേഹ കാരുണ്യങ്ങൾക്കായ്
ആപത്സന്നിധിയിങ്കൽ ഭൃത്യർക്കേകിയ തുണയ്ക്കുമായ്
കീർത്തിപ്പിൻ പ്രസ്താവിപ്പിൻ തൻനാമത്തിൻ മാഹാത്മ്യത്തെ

4 ശത്രുവിങ്കൽ നിന്നും നിത്യം നമ്മെ രക്ഷിച്ചിടുന്നോൻ
ആലസ്യങ്ങളിൽ തൻമാർവ്വിൽ വിശ്രമത്തെ നൽകുന്നോൻ
വിശ്വസ്തൻ വിശ്വസ്തനാം ക്രിസ്തേശുവെ പുകഴ്ത്തുവിൻ

5 എന്നും മാറ്റമില്ലാത്തോനായ് വാഴും നിത്യരാജാവേ!
സർവ്വസൃഷ്ടിയേയും മുറ്റും പോറ്റും രക്ഷാകർത്താവേ!
നിന്നെ മാത്രം നിന്നെ മാത്രം എന്നും ഞങ്ങൾ വന്ദിക്കും.

6 സ്നേഹമാം പിതാവിന്നും വാത്സല്യ രക്ഷിതാവിന്നും
നിത്യാശ്വാസമേകിപ്പാലിക്കും വിശുദ്ധാത്മാവിന്നും
സ്തോത്രം സ്തോത്രം സ്തോത്രം
സ്തോത്രം സ്തോത്രം നിത്യകാലവും **E.I.J**